നം. എ2/900/2020/റ്റിബിഒ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
പാഠപുസ്തക വിഭാഗം, പത്മവിലാസം റോഡ്,
ഫോർട്ട്. പി.ഒ, തിരുവനന്തപുരം-23,
തീയതി : 07/12/2020 ഫോൺ നം. 0471 2450027
textbookofficer@gmail.com

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -2021-22 വർഷത്തേക്കാവശ്യമായ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ KITE [Kerala Infrastructure and Technology for Education (IT@School)] വെബ്സൈറ്റിൽ ഓൺലൈനായി ഇൻഡന്റിംഗ് നൽകുന്നത് സംബന്ധിച്ച്.

സൂചന:-
1. സർക്കാർ ഉത്തരവ് നം.(സാ.ധാ) നം. 3147/2020/ പൊതുവിദ്യാഭ്യാസ (എം) വകുപ്പ് തീയതി: 24.11.2020.
2. സർക്കാർ ഉത്തരവ് നം. സ.ഉ. (സാധാ) നം. 2429/2020/പൊ.വി.വ. തീയതി: 16.8.2020.
3. എസ്.സി.ഇ.ആർ.ടി.യുടെ കത്ത് നം. പ്രോഗ്രാം1/1746/2020/SCERT തീയതി: 2.12.2020.

******

2021-22 അദ്ധ്യയന വർഷത്തിൽ 9, 10 ക്ലാസ്സ് ഒഴികെയുള്ള 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ 60 പേജിന് മുകളിലാണെങ്കിൽ മൂന്ന് വാല്യങ്ങളാക്കുന്നതിന് ബഹു. ബാലാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതുപ്രകാരം മൂന്ന് വാല്യങ്ങളായാണ് അച്ചടിച്ച് വിതരണം ചെയ്തുവരുന്നത്.

ടി സൂചന രണ്ടിലെ സർക്കാർ ഉത്തരവ് പ്രകാരം 2020-21 അദ്ധ്യയന വർഷത്തിൽ കോവിഡ്-19 എന്ന മഹാമാരിയുടെ വ്യാപനം തടയുന്നതിന്റെ ഭാഗമായി സർക്കാർ നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാൽ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും മുൻ വർഷത്തെപ്പോലെ ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. എന്നിരുന്നാലും പരമാവധി കൃത്യതയോടും വേഗത്തിലും ടി പാഠപുസ്തകങ്ങൾ മൂന്ന് വാല്യങ്ങളായി അച്ചടിച്ച് യഥാസമയം വിദ്യാർത്ഥികളിലേയ്ക്ക് എത്തിക്കുവാൻ സാധിച്ചു. ടി സാഹചര്യത്തിൽ വളരെ ചുരുങ്ങിയ സമയം കൊണ്ട് പാഠപുസ്തകങ്ങളുടെ രണ്ടും മൂന്നും വാല്യങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള സൗകര്യാർത്ഥം സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം മൂന്നാം വാല്യത്തിലെ 46 ടൈറ്റിലുകൾ രണ്ടാം വാല്യം പാഠപുസ്തകങ്ങളുമായി സംയോജിപ്പിച്ച് അച്ചടിച്ച് വിതരണം ചെയ്യുകയുണ്ടായി. പാഠഭാഗങ്ങൾക്ക് മാറ്റമില്ലാത്തതിനാൽ മുൻ വർഷത്തെ രണ്ടും മൂന്നും വാല്യങ്ങൾ ക്ലോസിംഗ് സ്റ്റോക്കിൽ നിന്നും ഉപയോഗിക്കാവുന്നതുമാണ്. ടി ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും ഇതിനകം തന്നെ നൽകിയിട്ടുള്ളതാണ്. 2021-22 അദ്ധ്യയന

വർഷത്തിലും മേൽപ്പടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംയോജിപ്പിച്ചതിൻ പ്രകാരം ഒന്നാം വാല്യം 288 ടൈറ്റിലുകളിലും രണ്ടാം വാല്യം 183 ടൈറ്റിലുകളിലും മൂന്നാം വാല്യം 20 ടൈറ്റിലുകളിലുമായി അച്ചടിച്ച് വിതരണം ചെയ്താൽ മതിയാകുമെന്ന് സൂചന (3) പ്രകാരം എസ്.സി.ഇ.ആർ.ടി. അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരമാണ് 2021-22 ലെ പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റ് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങളോടുകൂടി സ്വീകരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിലും സൂചന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും ഈ ആഫീസിൽ നിന്നും അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള ടെന്റേറ്റീവ് പ്രിന്റ് ഓർഡർ കെ.ബി.പി.എസ്സിനു നൽകിക്കഴിഞ്ഞു.

2021-22 അദ്ധ്യയന വർഷത്തേയ്ക്ക് 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് പാഠപുസ്തകങ്ങളുടെ ഇൻഡന്റ് സ്കൂളുകളിൽ നിന്നും KITE (Kerala Infrastructure and Technology for Education (IT@School)) - ൽ ഓൺലൈനായി മൂന്നു വാല്യങ്ങളും **2020 ഡിസംബർ 7-ാം തീയതി മുതൽ സിസംബർ 21-ാം തീയതിവരെ ഒറ്റത്തവണയായി ഇൻഡന്റ് ചെയ്യേണ്ടതാണ്. 2020-21** അദ്ധ്യയന വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണ ത്തിന്റെ അടിസ്ഥാനത്തിൽ മുൻപ് നൽകിയ ഇൻഡന്റിനെക്കാൾ കൂടുതൽ പാഠപുസ്തക ങ്ങൾ പുതിയ അഡ്മിഷൻ പ്രകാരം ആവശ്യമെങ്കിൽ അതനുസരിച്ച് ഇൻഡന്റ് ക്രമീകരി ക്കുന്നതിനായി **2021 ജൂൺ 12 മുതൽ 20** വരെ ഇതിനായുള്ള അവസരം KITE (Kerala Infrastructure and Technology for Education (IT@School)) ന്റെ വെബ്സൈറ്റിൽ ഒരുക്കു ന്നതാണ്. 2021-22 അദ്ധ്യയന വർഷത്തേയ്ക്ക് ആവശ്യമായ പാഠപുസ്തകങ്ങൾക്ക് സ്കൂളിൽ നിന്നും ഇൻഡന്റിംഗ് നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**സർക്കാർ/എയ്ഡഡ്/ടെക്നിക്കൽ സ്കൂളുകൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.**

മുൻ വർഷത്തെ പോലെ തന്നെ **2021-22** അദ്ധ്യയന വർഷത്തേക്കും ഓരോ സ്കൂളുകൾക്കും ആവശ്യമായ പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റിംഗ് അതാത് സ്കൂളുകളിൽ നിന്നും നേരിട്ട് www.kite.kerala.gov.in ലെ Text Book Supply Monitoring System 2021-22 എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് ചെയ്യാം. അതാത് സ്കൂളു കൾക്കുള്ള സമ്പൂർണ്ണയുടെ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ചാണ് ലോഗിൻ ചെയ്യേണ്ടത്. അതിനു ശേഷം സ്കൂൾ ഏത് സൊസൈറ്റിയുടെ കീഴിലാണ് വരുന്നതെന്ന് ക്ലിക്ക് ചെയ്ത് തെരഞ്ഞെടുക്കേണ്ടതുമാണ്. തുടർന്ന് ഇൻഡന്റ് ഫോം ലിങ്കിൽ ക്ലിക്ക് ചെയ്ത് സ്റ്റാൻഡേർഡ് സെലക്ട് ചെയ്യുമ്പോൾ അതാത് സ്റ്റാൻഡേർഡിൽ

വരുന്ന ടൈറ്റിലുകൾ ലഭ്യമാകും. ഇതിൽ No. of books required എന്ന കോളത്തിൽ ഓരോ ടൈറ്റിലിലും വേണ്ട ബുക്കുകളുടെ എണ്ണം **മൂന്ന് വാല്യങ്ങളിലും എന്റർ ചെയ്ത് സേവ് ചെയ്യേണ്ടതാണ്. പല സ്കൂളുകളും രണ്ടും മൂന്നും വാല്യങ്ങൾ ഇൻഡന്റ് ചെയ്യാറില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഒഴിവാക്കി മൂന്ന് വാല്യങ്ങളുടേയും ഇൻഡന്റ് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.** Total students of Sampoorna എന്ന തലക്കെട്ടിൽ കാണുന്ന കുട്ടികളുടെ എണ്ണം സമ്പൂർണ്ണ പ്രകാരം 2021-22 വർഷത്തേക്ക് വരാവുന്ന കുട്ടികളുടെ എണ്ണമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എല്ലാ സ്കൂളുകളും അവരവരുടെ സൊസൈറ്റി മാപ്പ് ചെയ്തു എന്നത് ഉറപ്പുവരുത്തണം. **9, 10 ക്ലാസ്സുകളിലെ അതാത് വിഷയങ്ങളെടുക്കുന്ന അധ്യാപകരുടെ എണ്ണമനുസരിച്ച് ഓരോ അദ്ധ്യാപകർക്കും ഒരു ബുക്ക് വീതം അധികമായി ഇൻഡന്റ് ചെയ്യാവുന്നതാണ്.** 2020-21 അദ്ധ്യയന വർഷത്തിൽ കോവിഡ് മഹാമാരിയെ തുടർന്ന് സ്കൂളുകൾ തുറക്കാത്തതിനാൽ ആറാം സാദ്ധ്യായ ദിവസത്തെ കുട്ടികളുടെ എണ്ണം എടുക്കുവാൻ സാധിച്ചിട്ടില്ല.

**പല ജില്ലകളിലും സ്കൂൾ സൊസൈറ്റികളിൽ നിന്നും പാഠപുസ്തകങ്ങൾ രക്ഷാകർത്താക്കൾ കൈപ്പറ്റിയിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ക്ലസ്റ്റർ സൊസൈറ്റികളിൽ ഉൾപ്പെട്ട സ്കൂളുകൾ ടി സ്റ്റോക്കിന്റെ എണ്ണം കൃത്യമായി കണക്കാക്കി മാത്രമേ 2021-22 ലെ ഇൻഡന്റ് രേഖപ്പെടുത്തുവാൻ പാടുള്ളൂ. ഇക്കാര്യം പ്രഥമാദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.** കൃത്യമായ കണക്ക് പ്രകാരമാണ് പ്രഥമാദ്ധ്യാപകർ ഇൻഡന്റ് രേഖപ്പെടുത്തേണ്ടതെന്ന കാര്യം പ്രത്യേകം അതാത് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും യഥാസമയം കർശന നിർദ്ദേശം നൽകി ആയത് പാലിക്കപ്പെടുന്നുണ്ടോയെന്ന് ശ്രദ്ധിക്കേണ്ടതാണ്. സ്റ്റോക്ക് പരിശോധിക്കാതെ ഇൻഡന്റ് നൽകുകയാണെങ്കിൽ പാഠപുസ്തകങ്ങളുടെ എണ്ണത്തിൽ കൃത്യത വരാതെയും വരും വർഷങ്ങളിൽ ടി പാഠപുസ്തകങ്ങൾ ഒബ്സലെറ്റ് ആകുകയും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിവയ്ക്കുവാനുള്ള സാഹചര്യമുണ്ടാകുകയും ചെയ്യും. ആയതിനാൽ 2021-22 അദ്ധ്യയന വർഷത്തിൽ ഇൻഡന്റ് ചെയ്ത **കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കൃത്യമായ പാഠപുസ്തകങ്ങൾ ആവശ്യത്തിനനുസരിച്ച് മാത്രം ഇൻഡന്റിംഗ് നടത്തേണ്ടതാണ്. സ്കൂൾ പ്രഥമാദ്ധ്യാപകർ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി മാത്രം പാഠപുസ്തകങ്ങളുടെ ഇൻഡന്റിംഗ് നടത്തിയിട്ടുണ്ടെന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.** മാത്രവുമല്ല 26.12.2020 നു ശേഷം തിരുത്തലുകൾ വരുത്തുന്നതിനും എഡിറ്റിംഗിനും യാതൊരു കാരണവശാലും സമയം

അനുവദിക്കുന്നതുമല്ല. **ആയതിനാൽ അപ്‌ലോഡ് ചെയ്ത ഇൻഡന്റിന്റെ കൺഫേം ചെയ്തതിനുശേഷമുള്ള പകർപ്പ് അതാത് പ്രഥമാദ്ധ്യാപകർ എടുത്ത് ഒപ്പുവച്ച് സൂക്ഷിക്കേണ്ടതാണ്. യഥാസമയത്ത് ഇന്റന്റ് ചെയ്യാതിരിക്കുന്ന പ്രഥമാദ്ധ്യാപകർക്കെതിരെ കർശന നടപടി എടുക്കുന്നതാണെന്നുകൂടി അറിയിക്കുന്നു.** ഇൻഡന്റ് കൺഫേം ചെയ്തതിനുശേഷം അതിൽ ഏതെങ്കിലും വ്യത്യാസം വരുത്തണമെങ്കിൽ അതാത് ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസ്/ജില്ലാ വിദ്യാഭ്യാസ ആഫീസ് മുഖാന്തിരം സ്കൂളുകൾ റീസെറ്റ് ചെയ്ത് അതാത് സ്കൂളുകളിൽ അപ്ഡേറ്റ് ചെയ്ത് കൺഫേം ചെയ്യേണ്ടതാണ് **(22.12.2020 മുതൽ 26.12.2020 വരെ മാത്രം).**

ഇൻഡന്റ് ചെയ്യുമ്പോൾ അതാത് സ്റ്റാൻഡേർഡിലേയ്ക്ക് ആവശ്യമായ ടൈറ്റിലുകളുടെ എണ്ണം കൃത്യമായി (Medium wise-Malayalam/English) രേഖപ്പെടുത്തുകയും അങ്ങനെ ഇൻഡന്റ് പ്രകാരം ലഭിക്കുന്ന പാഠപുസ്തകങ്ങളുടെ എണ്ണത്തിന്റെ 2% കൂടെ കൂട്ടിയുള്ളതായിരിക്കണം ആ സ്കൂളുകളിലേയ്ക്കുള്ള മൊത്തം പാഠപുസ്തകങ്ങളുടെ എണ്ണം. (ഉദാഹരണത്തിന് ഒരു സ്കൂളിൽ ഇൻഡന്റ് പ്രകാരം 1000 പാഠപുസ്തകങ്ങൾ ആവശ്യമെങ്കിൽ 2% ഉൾപ്പെടെ 1020–ൽ കൂടുവാൻ പാടില്ല) മൊത്തം എണ്ണം 2% ൽ അധികരിക്കുകയാണെങ്കിൽ ടി കൂടുതലാവശ്യമായ കാര്യങ്ങൾ നീതികരിച്ചു കൊണ്ടുള്ള അഭ്യർത്ഥന പാഠപുസ്തക ആഫീസർക്ക് നൽകേണ്ടതാണ്. ആയത് അർഹത പരിശോധിച്ച് 2021 ജൂൺ മാസം സെക്കന്റ് ഇൻഡന്റിഗിന് അനുവദിക്കുന്ന സമയത്ത് പരിഹരിക്കപ്പെടുന്നതാണ്. **രണ്ടാം ഇൻഡന്റിംഗ് പ്രകാരം പാഠപുസ്തകങ്ങൾ ലഭ്യമാക്കിയതിനു ശേഷം ഷോർട്ടേജ് വരുന്ന പാഠപുസ്തകങ്ങളുടെ എണ്ണം കൃത്യതയോടുകൂടിയും നിശ്ചിത സമയത്തിനുള്ളിലും അതാത് പ്രഥമാദ്ധ്യാപകൻ അതാത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ അറിയിക്കേണ്ടതാണ്.** ആയത് ശേഖരിച്ച് ക്രോഡീകരിച്ച് നിശ്ചിത പ്രൊഫോർമയിൽ ടെക്സ്റ്റുബുക്ക് ആഫീസിൽ നിന്നും നിശ്ചയിച്ചുനൽകുന്ന തീയതിയ്ക്കകം അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇ–മെയിൽ മുഖേന സമർപ്പിക്കേണ്ടതാണ്.

### ***അംഗീകാരമുള്ള അൺഎയിഡഡ്/സി.ബി.എസ്.ഇ./നവോദയ സ്കൂളുകൾക്ക് ഇൻഡന്റിംഗ് നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ***

അംഗീകാരമുള്ള അൺഎയിഡഡ് സ്കൂളുകളും സമ്പൂർണ്ണ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് മുകളിൽ പറഞ്ഞ രീതിയിൽ ആവശ്യമുള്ള പാഠപുസ്തകങ്ങളുടെ എണ്ണം രേഖപ്പെടുത്തി സേവ് ചെയ്ത് ഇൻഡന്റിംഗ് പൂർത്തിയാക്കേണ്ടതാണ്. ടി സ്കൂളുകൾ പാഠപുസ്തക വില ചെല്ലാൻ അടച്ചശേഷം വിശദ വിവരങ്ങൾ ടെക്സ്റ്റുബുക്ക് മോണിറ്ററിംഗ് സിസ്റ്റത്തിൽ ബന്ധപ്പെട്ട കോളങ്ങളിൽ

രേഖപ്പെടുത്തേണ്ടതാണ്. ഈ സർക്കുലറിലെ മാർഗ്ഗരേഖകളനുസരിച്ച് ആവശ്യമായ പാഠപുസ്തകങ്ങൾക്ക് ഇൻഡന്റ് രേഖപ്പെടുത്തേണ്ടതാണ്. ഇൻഡന്റ് രേഖപ്പെടുത്താത്ത സ്കൂളുകൾക്ക് മാനുവൽ റിലീസ് ഓർഡർ നൽകുവാൻ കാലതാമസം നേരിടും. ആയതിനാൽ പാഠപുസ്തകങ്ങൾ ആവശ്യമായ സ്കൂളുകൾ കൃത്യമായി ഇൻഡന്റ് നൽകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സി.ബി.എസ്.ഇ./നവോദയ സ്കൂളുകളും അവർക്ക് ആവശ്യമായ ഭാഷാ വിഷയങ്ങളിലെ പുസ്തകങ്ങൾക്കായി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസ് മുഖേന സംപൂർണ്ണയിൽ രജിസ്റ്റർ ചെയ്യേണ്ടതും സംപൂർണ്ണ യൂസർ നെയിമും പാസ്‌വേഡും വാങ്ങേണ്ടതുമാണ്. രജിസ്റ്റർ ചെയ്യുമ്പോൾ ലഭ്യമാകുന്ന സ്കൂൾ കോഡ്, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് സംപൂർണ്ണയിൽ ലോഗിൻ ചെയ്ത് സ്കൂളിന്റെ പ്രാഥമിക വിവര ങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. അതിനുശേഷം www.kite.kerala.gov.in എന്ന വെബ്സൈറ്റിലെ Text Book Supply Monitoring System എന്ന ലിങ്ക് വഴി ലോഗിൻ ചെയ്ത് ആവശ്യമായ പാഠപുസ്തകങ്ങൾക്കായുള്ള ഇൻഡന്റ് രേഖപ്പെടുത്തേണ്ടതാണ്. ഇത്തരത്തിലുള്ള സ്കൂളുകളുടെ ഇൻഡന്റിംഗ് **07/12/2020 മുതൽ 21/12/2020 വരെ** വെബ്സൈറ്റിൽ നൽകാവുന്നതാണ്.

**ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ :-**

ജില്ലാ വിദ്യാഭ്യാസ ആഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ എന്നിവർ അവർക്ക് നൽകിയിട്ടുള്ള സമ്പൂർണ്ണ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് KITE (Kerala Infrastructure and Technology for Education (IT@School)) ന്റെ വെബ്സൈറ്റിൽ (Services→Text Book Supply Monitoring System 2021-22) ലോഗിൻ ചെയ്ത് അവരുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകളുടെ ഇൻഡന്റിംഗ് (ലാംഗ്വേജ് & സബ്ജക്റ്റ്സ്) പൂർത്തിയാക്കിയിട്ടുണ്ടെന്ന് **23/12/2020** ന് മുമ്പ് ഉറപ്പാക്കേണ്ടതാണ്. ഇൻഡന്റിംഗ് പൂർത്തിയാക്കിയ സ്കൂളുകളുടെ വിവരങ്ങൾ പരിശോധിക്കുമ്പോൾ ഇൻഡന്റ് ചെയ്ത പാഠപുസ്തകങ്ങളുടെ എണ്ണം മുൻ വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമാണെന്നും അധികരിച്ചിട്ടില്ലായെന്നും ഉറപ്പുവരുത്തേണ്ടതാണ്. **ഇക്കാര്യത്തിൽ അതീവ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും അവ രവരുടെ അധികാര പരിധിയിലുള്ള എല്ലാ സ്കൂളും ഇൻഡന്റ് ചെയ്തു എന്ന് ഉറപ്പുവ രുത്തണമെന്നും പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും തങ്ങളുടെ റവന്യൂ ജില്ലയിലെ എല്ലാ പ്രഥമാധ്യാപകരും യഥാസമയത്തു തന്നെ ഇൻഡന്റിഗ് പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. യഥാസമയം ഇൻഡന്റ് നൽകാത്ത സ്കൂളുകളുടെ പേരുവിവരം 26/12/2020 ന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതാണ്.

***<u>Indenting/Confirmation സമയക്രമം</u>***

| | | | |
|---|---|---|---|
| 1 | ഗവ./എയ്ഡഡ് സ്കൂളുകൾ | – | **07/12/2020 മുതൽ 21/12/2020 വരെ** |
| 2 | അംഗീകാരമുള്ള അൺഎയിഡഡ് സ്കൂളുകൾ/ സി.ബി.എസ്.ഇ./ നവോദയ സ്കൂളുകൾ | – | **07/12/2020 മുതൽ 21/12/2020 വരെ** |
| 3 | ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ വെരിഫിക്കേഷൻ/റീസെറ്റ് നടത്തേണ്ട തീയതി | – | **22/12/2020 മുതൽ 26/12/2020 വരെ** |
| 4 | കൈറ്റിൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിക്കേണ്ട തീയതി | – | **28/12/2020** |

അനുവദനീയമായ സമയപരിധിക്കുള്ളിൽ ഓരോ സ്കൂളുകളിൽ നിന്നും അടുത്ത വർഷത്തേക്കാവശ്യമായ പാഠപുസ്തകങ്ങളുടെ ഇൻഡന്റിംഗ് പൂർത്തിയാക്കേണ്ടതാണ്. ഒരു കാരണവശാലും നിശ്ചിത തീയതിക്കു ശേഷം പാഠപുസ്തക ആവശ്യാർത്ഥം മറ്റൊരു ഇൻഡന്റിംഗ് സംവിധാനം സ്കൂളകൾക്ക് പ്രത്യേകമായി ഏർപ്പെടുത്തുന്നതല്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

*താങ്കളുടെ അധികാരാതിർത്തിയിലുള്ള എല്ലാ പ്രഥമാധ്യാപകർക്കും (അംഗീകാരമുള്ള അൺഎയ്ഡഡ്/സി.ബി.എസ്.ഇ/നവോദയ സ്കൂളുകൾ അടക്കം) സർക്കുലർ അയച്ചു കൊടുക്കേണ്ടതാണ്. അതോടൊപ്പം ഏതെങ്കിലും കാരണവശാൽ <u>പ്രധാനാദ്ധ്യാപകൻ/ പ്രിൻസിപ്പൽ ഇൻഡന്റിഗ് സമയത്ത് ലീവ് ആണെങ്കിൽ ചാർജ്ജുള്ള അദ്ധ്യാപകർ മുഖേന സമയബന്ധിതമായി ഇൻഡന്റിംഗ്</u> നടത്തിയിട്ടുണ്ടെന്നുള്ള കാര്യം ഉറപ്പാക്കേണ്ടതാണെന്നുള്ള വിവരം അറിയിക്കുന്നു. ഈ സർക്കുലർ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.*

BS/